# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 06/06/14

(07 SHABAAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹയ്ക്കും ശേഷം പറഞ്ഞു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ചരിത്രപരമായ ഒരു ജുംആ ആണിത്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം **സെചെല്ലിസിൽ** രജിസ്ട്രേഷൻ ചെയ്തശേഷം, ദൈവീകാനുഗ്രഹത്താൽ സെചെല്ലിസിലെ ധാരാളം ക്രിസ്ത്യൻസ് (മാഹെ, പ്രസ്‌ലിൻ, ലാ ഡിഗ്യൂ മറ്റു ചെറു ദ്വീപിലുള്ളവരുമായവർ) ഈ വിനീതന്റെ കയ്യിൽ ബൈഅത്തു ചെയ്യുകയുണ്ടായി. ഖലീഫത്തുല്ലാഹ് എന്ന നിലയിൽ. ഞാൻ ഇവിടെ നിന്നും പോയതിനു ശേഷം, നിങ്ങൾ ഈ മഹത്തായ യജ്ഞം തുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, ഈ ദൈവീക സന്ദേശം വ്യാപിപ്പിക്കുമെന്നു കരുതുന്നു. കഴിഞ്ഞ ഒരാഴ്ച്ചയായി ഞാൻ നിങ്ങളുടെ കൂടെ തന്നെ ഉണ്ടായിരുന്നു. നിങ്ങൾക്കു ലഭിച്ച ഈ സന്ദേശത്തെ മുറുകെ പിടിക്കുക.

സെചില്ലിസിലെ കുടുതൽ ആളുകളും ക്രിസ്തുമത വിശ്വാസികളാണ്. ഇന്നത്തെ വെള്ളിയാഴ്ച്ച ഖുത്തുബ തുടങ്ങുന്നതിനു മുമ്പ്, ഞാൻ നിങ്ങൾക്കെല്ലാപേർക്കും നന്ദിരേഖപ്പെടുത്തുകയാണ്. എന്നെയും എന്റെ സംഘത്തെയും നിങ്ങൾ ഇവിടെ സ്വാഗതം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തു സ്സഹീഹിൽ ഇസ്ലാം, ഔദ്യോഗികമായി, സെചെല്ലിസിലെ എല്ലാദ്വീപുകളിലും രജിസ്റ്റർ ചെയ്യുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ നമുക്ക് ഒരു മാനേജിംഗ് കമ്മറ്റിയുണ്ട്. ഒരു ദേശീയ പ്രസിഡന്റുമുണ്ട്. ഇപ്പോൾ ഒരു വീട് വാടകയ്ക്ക് എടുത്തിരിക്കുകയാണ്. ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങളും അവിടെവെച്ച് നടത്തുകയാണ്.ജുംആ നമ്സ്ക്കാരം, തർബിയ്യത്ത് ക്ലാസ് അങ്ങനെ പലതും. അൽഹംദുലില്ലാഹ്.

എന്റെ പ്രിയ സഹോദരീസഹോദരന്മാരെ ഈ ലോകത്തു ഒരുപരിപൂർണ്ണമതം നിലനില്ക്കണമെന്ന്, എല്ലാമതാനുയായികളും വിശ്വസിക്കുന്നു. അങ്ങനെ ആയിരിക്കണമെന്ന്. അതേസമയം എല്ലാമതങ്ങളും, കഴിഞ്ഞ കാലങ്ങളിൽ പരിപൂർണ്ണ മനുഷ്യരെ സൃഷ്ടിച്ചതു പോലെ, നാം ജീവിച്ചിരിക്കുന്ന കാലഘട്ടങ്ങളിൽ, അത്തരം മനുഷ്യരെ സൃഷ്ടിക്കുവാൻ അവയ്ക്കുകഴിയുന്നില്ല. മനുഷ്യനും, ദൈവവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുവാൻ ഇപ്പോൾ അവയ്ക്കു കഴിയുന്നില്ല. മുൻകാലങ്ങളിൽ, അവയ്ക്ക് മനുഷ്യനും ദൈവവും തമ്മിൽ ബന്ധമുണ്ടായിരുന്നു. ദൈവം എന്തുകൊണ്ട് ലോകത്ത് യഥാർത്ഥ മതം അവതരിപ്പിക്കുന്നില്ല ? അവന്റെ അധികാര പ്രകടനം വിശദീകരിക്കുവാനും, മനുഷ്യഹൃദയങ്ങളിൽ തദനുസരണമുള്ള മാറ്റം വരുത്തുവാനും, മതത്തിന്റെ ഏകലക്ഷ്യം അതായിരിക്കെ, എന്തുകൊണ്ട് ദൈവം അതു ചെയ്യുന്നില്ല ?

ഞാൻ നിങ്ങളോടെല്ലാം ഒരു ചോദ്യം ചോദിക്കുകയാണ്. ഒരാൾ മനോഹരമായ ഒരു വീട്‌വെച്ചു. അത് നല്ല നിലയിൽ അലങ്കരിച്ചു. എന്നിട്ട് അത് റിപ്പയർ, ചെയ്യാതെ അതു നശിച്ചു പോകട്ടെ എന്നു കരുതുമോ ? അല്ലെങ്കിൽ ഒരാൾ മനോഹരമായ പൂന്തോട്ടം നിർമ്മിച്ചു. എന്നിട്ട് ജലസേചനം നടത്താതെ,അത് ഉണങ്ങി പോകട്ടെ എന്ന് കരുതി. അതിനെ ഉപേക്ഷിക്കുമോ ? ഈ പറഞ്ഞ കാര്യങ്ങൾ ചെയ്യുകയില്ലായെങ്കിൽ ദൈവം ഒരു പൂർണ്ണമതം അവതരിപ്പിച്ചു. മനുഷ്യരാശിയുടെ മാർഗ്ഗദർശനത്തിനായി അതിനെ സംരക്ഷിക്കാതെ അവഗണിച്ചുകളഞ്ഞിരിക്കുന്നു എന്ന് നമുക്ക് എങ്ങനെയാണ് പറയുവാൻ കഴിയുക ? നമ്മൾ മനസ്സിലാക്കിയിട്ടില്ലേ ? മൂസ (അ)യ്ക്ക് ശേഷം, പ്രവാചകന്മാർക്ക് പിറകെ പ്രവാചകന്മാരെ ദൈവം നിയോഗിച്ചു കൊണ്ടിരുന്നു. ജൂതമതത്തെ സജീവമായി നിലനിർത്തുവാൻ. ക്രിസ്തുമതത്തിന്റെ സത്ത ഉൾകൊണ്ടവരെ അവൻ

നിയോഗിച്ചു. അങ്ങനെ മോശയിലൂടെ അവതരിപ്പിച്ച ദൈവീകാജ്ഞയുടെ അന്ത്യം അങ്ങനെയായിരുന്നു. അങ്ങനെ മോശയ്ക്കു ശേഷം 13 നൂറ്റാണ്ടുകളിൽ അനേകം പ്രവാചകന്മാർ വന്നു കൊണ്ടിരുന്നു. ഒടുവിൽ യേശുവിന്റെ രൂപത്തിൽ ഒരു വലിയ പരിഷ്ക്കർത്താവ് ആഗതരായി, അദ്ദേഹത്തിന്റെ ദൗത്യം മറ്റു ജൂത പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠകരവും വളരെ ബ്രഹത് ആയതുമായിരുന്നു.

പ്രവചനത്തിലൂടെ മുൻകൂട്ടി അറിവ് നല്കിയിട്ടുണ്ടായിരുന്നു. അതായത് ഒരുകാലം വരുന്നതാണ്. ഇസ്ലാമിന്റെ ഉയർച്ചയ്ക്ക് കോട്ടം സംഭവിക്കുമെന്നും മുസ്ലിം ഹൃദയങ്ങളിൽ നിന്നും ഇസ്ലാമിന്റെ ആത്മീയത നഷ്ടപ്പെടുമെന്നും, വിവിധങ്ങളും, തെറ്റായതുമായ പലവ്യാഖ്യാനങ്ങൾ ഉണ്ടായിവരുമെന്നും,അങ്ങനെ അതിന്റെ പരിശുദ്ധ അധ്യാപനങ്ങൾക്ക് ക്ഷതമേല്ക്കുമെന്നും (പ്രവചിച്ചിട്ടുള്ളതാണ്). ഈ പ്രത്യേക സാഹചര്യത്തിൽ മുസ്ലിംകളിൽ നിന്ന് ഒരു മസീഹിനെ ഉയർത്തുന്നതാണെന്നും മോസയുടെ ദൈവകല്പകനകൾക്കു യേശു ചെയ്തതുപോലെയുള്ള പ്രവർത്തി, മുസ്ലിംകളിൽ നിന്നുവരുന്ന മസീഹ് ചെയ്യുന്നതാണെന്നും വാഗ്ദാനം ചെയ്തിരുന്നു.പ്രവാചക പ്രഭു മുഹമ്മദ് (സ) ന് ശേഷം 13 നൂറ്റാണ്ടു പിന്നിട്ടപ്പോൾ, വാഗ്ദത്ത മസീഹായി ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ, ആഗതരാവുകയുണ്ടായി. മോസയ്ക്ക് ശേഷം 13 നൂറ്റാണ്ട് പിന്നിട്ടപ്പോൾ നസ്റേത്തിലെ യേശു വന്നപ്പോൾ ജനം ചെയ്ത അതേ തെറ്റ് മുഹമ്മദീ മസീഹിന്റെ കാലത്തും ജനം ആവർത്തിക്കുകയുണ്ടായി.

ആ സമയം, ജനം കാത്തിരുന്നത്, എലീജ പ്രവാചകൻ ആകാശത്തു നിന്ന് വരുമെന്നായിരുന്നു. പകരം അവരിലേക്ക് നിയോഗിച്ചത് സ്നാപക യോഹന്നാനെയായിരുന്നു. സാധാരണ മനുഷ്യൻ ഭൂമിയിൽ വരുന്നതു പോലെയാണ് അദ്ദേഹവും വന്നത്. ഈ കാലഘട്ടത്തിലും യേശു ആകാശത്തു നിന്ന് നേരിട്ട് ഇറങ്ങുമെന്ന് ജനം പ്രതീക്ഷിച്ചു:എന്നാൽ അവർക്ക് ഒരു മസീഹിനെ അയച്ചു:ആത്മീയത നഷ്ടപ്പെട്ട അവരുടെ കണ്ണുകൾക്ക്, ആകാശത്തു നിന്നായാലും, ഭൂമിയിൽ നിന്നായാലും അവർക്കൊരുപോലെയാണ്. പണ്ട് സംഭവിച്ചത് അങ്ങനെയല്ലേ? ആയിരങ്ങളെ സ്വർഗ്ഗത്തിലേക്ക് നയിക്കുവാൻ അവന് കഴിവില്ല എന്നല്ലേ അവർ പറഞ്ഞ് ?

സ്വർഗ്ഗത്തിൽ നിന്ന് യേശുവരുന്നതും കാത്തിരിക്കുകയാണ്! ഭൂമിയിൽലുള്ള അവന്റെ വാക്കുകളെ അവർ മറന്നു. **യേശു പറഞ്ഞു. ഒരു മനുഷ്യനും സ്വർഗ്ഗത്തിലേക്ക് കയറിപോയിട്ടില്ല: എന്നാൽ മാത്രമേ അവൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരൂ...** യേശു ജനിച്ചത് ഭൂമിയിലാണ്: സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നതല്ല.

ഇവർ വിശ്വസിക്കുന്നു അദ്ദേഹത്തിന്റെ രണ്ടാം വരവ് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുമെന്ന്. ഇത് അത്ഭുതകരമായ കാര്യമല്ലേ. അദ്ദേഹം തന്നെ പറയുന്നു സ്വർഗ്ഗത്തിൽ കയറിപോകുന്നവൻ മാത്രമേ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുകയുള്ളൂ. ആയതിനാൽ ഒരാൾ ഭൂമിയിൽ ജനിച്ചാൽ അവന് സ്വർഗ്ഗത്തിലേക്ക് കയറിപോകുവാൻ കഴിയുകയില്ല. അതുപോലെ തന്നെ ഇറങ്ങിവരുവാനും കഴിയുകയില്ല. കന്യകാ മറിയത്തിന് പിറന്ന യേശുവിനെ, സ്വർഗ്ഗത്തിൽ നിന്നും വന്നവൻ എന്ന് എങ്ങനെയാണ് വർണ്ണിക്കുന്നത്. ? അതുപോലെ ഒരർത്ഥം കയറിപോയതിനും / സ്വർഗ്ഗാരോഹണത്തിനും നൽകുന്നതല്ലേ ശരി.? വീണ്ടും കന്യാമറിയത്തിന് പിറന്നവനാണ് യേശുവെങ്കിൽ, സ്വർഗ്ഗത്തിൽ നിന്നും വന്നവൻ എന്നു വിവരിക്കുമ്പോൾ വാഗ്ദത്ത മസീഹിന്റെ ജനനത്തെ എന്തുകൊണ്ട് അങ്ങനെ വർണ്ണിച്ചുകൂടാ, അവൻ സ്വർഗ്ഗത്തിൽ നിന്നും വന്നവനാണെന്ന് ?

എന്റെ പ്രിയസഹോദരീ സഹോദരന്മാരെ കുട്ടികളേ ! എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ് വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) ഇത് സംബന്ധമായി എന്താണ് പറഞ്ഞത് എന്നുകൂടി കേൾപ്പിക്കുകയാണ്. **ഒരു മുന്നറിയിപ്പുകാരൻ കടന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു ജനതയും ഉണ്ടാവില്ല.** ദൈവം എന്നെ വിശ്വാസ ശുദ്ധീകരണാർത്ഥം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നും വാഗ്ദത്ത മസീഹ് (അ) ന് ശേഷം മുഴുലോകത്തിനുമായി ഈ നൂറ്റാണ്ടിൽ നിയോഗിച്ചിരിക്കുകയാണ്. മുഴു ലോകത്തേയും തേജോമയമാക്കുന്നതിനായി.

ഭൂമിയുടെ ഇരുണ്ട കോണുകളിൽ പോലും വെളിപാടിന്റെ പ്രകാശകിരണങ്ങൾ പരത്തുവാൻ. ഈ വിനീത നിലൂടെ വെളിപാടിന്റെ പ്രകാശം നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ, അവരിൽ ദൂതൻമാർ പ്രത്യക്ഷപ്പെട്ടിട്ടില്ലാ എന്ന് അതിനർത്ഥമില്ല. അവരുടെ ദേശീയ പാരമ്പര്യ വിശ്വാസം അവയെ കെടുത്തി കളഞ്ഞു എന്നേ അർത്ഥമുള്ളൂ.

വെളിപാടുകളുടെ വാതിലുകളും, ആത്മീയ മുന്നേറ്റങ്ങളും ഇപ്പോഴും തുറന്നു കിടക്കുകയാണ്. അത് എന്നത്തേക്കും തുടരുകയും തുറന്ന് കിടക്കുകയും ചെയ്യുന്നതാണ്. ഒരു പുതിയ ശരീഅത്ത് ഇനി തുറക്കുന്നതല്ല. ഖുർ ആനിലൂടെ നൽകിയ കല്പനകൾ അന്തിമമാണ്. ഇതിലൂടെ, ഇതിലെ അനുഗ്രഹങ്ങ ളിലൂടെ അല്ലാഹു (ത) വെളിപാടുകൾ നല്കിക്കൊണ്ടിരിക്കും, അവൻ തെരഞ്ഞെടുക്കുന്ന ദൂതന്മാരിലൂടെ, അവർ അവന്റെ ഗ്രന്ഥം വിശദീകരിച്ചു കൊടുക്കും, മാനവരാശിക്ക് അത് തുറന്നു കൊടുക്കുന്നത് അപ്രകാ രമാണ്. ദൈവീക ബോധനത്തിന്റെ വാതിലുകൾ തുറന്നു കിടക്കും. അങ്ങനെ ഈ വെളിപാടുകൾ ഉയർത്തു ന്നതിനായി അവൻ തുടർ നടപടികൾ തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ട് തന്നെ മറ്റൊരു പുതിയ നിയമം ആവശ്യമില്ല. കാരണം പരിപൂർണ്ണ ജീവിത നിയമങ്ങൾ അത് ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തെ പ്രാപി ക്കുന്നതിനുള്ള എല്ലാ വഴികളും അതിലൂടെ തുറക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് പുതിയ നിയമവാ ഹകർ ആവശ്യമില്ല. എന്നാൽ പ്രവാചകത്വത്തിന്റെ വാതിൽ, ആത്മീയ പൂർണ്ണതയ്ക്കുവേണ്ടി തുറന്നു കിട ക്കും. അത് എല്ലാ കാലത്തേക്കും തുറക്കപ്പെട്ടതാണ്.

നമ്മുടെ ദിവ്യ പരിപാലനം നടത്തുന്നത് ദൈവമാകുന്നു. നമ്മുടെ മുൻഗാമികളുടേതും അവൻ തന്നെ യായിരുന്നു. അതുകൊണ്ട് ചിന്തിക്കുക. ഞാൻ ഒന്നും നശിപ്പിക്കുവാൻ വന്നതല്ല, മറിച്ച് ഞാൻ പൂർത്തിയാ ക്കുവാൻ വന്നവനാണ്. നിശ്ചയമായും ഞാൻ നിങ്ങളോട് പറയുന്നു. ആകാശഭൂമികൾ നിയമപരിധിവിട്ട് പുറ ത്തുപോകുന്നില്ല. നിയമവിധേയമായ രീതിയിൽ എല്ലാം പൂർത്തിയാകുന്നതുവരെ ഇൻശാ അല്ലാഹ്! നിങ്ങളെ എല്ലാവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ. ഓരോ ദിവസം കഴിയുന്തോറും നിങ്ങളുടെ വിശ്വാസം ശക്തി യാർജ്ജിച്ച് മുന്നോട്ടു പോകട്ടെ. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************